Website:www.keralapsc.gov.in
mailto:dowyd.psc@kerala.gov.in
Phone No. 04936 202539

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ഓഫീസ്, വയനാട്

ചുരുക്കപ്പട്ടിക നമ്പർ : 12/2022/DOW കൽപ്പറ്റ
കാറ്റഗറി നമ്പർ : 93/2022 09/12/2022

**വിജ്ഞാപനം**

16-04-2022 തിയ്യതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം കേരള സംസ്ഥാന സർവ്വീസിൽ വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പിൽ 20000 – 45800 (PR) രൂപ ശമ്പള നിരക്കിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ (പാർട്ട് - II) തസ്തികയുടെ തെരെഞ്ഞെടുപ്പിനായി (ഉപജീവനത്തിനായി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി സമൂഹത്തിലെ യോഗ്യതയുള്ളവരും വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ളവരുമായ ദിവസവേതനക്കാരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വേണ്ടിയുള്ള 40% ഒഴിവിലേക്കുള്ള പ്രത്യേക നിയമനം) 03-09-2022 ന് നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിലും 01.12.2022, 02.12.2022, 03.12.2022, 05.12.2022 തീയ്യതികളിൽ നടന്ന ശാരീരിക അളവെടുപ്പിന്റേയും, കായിക ക്ഷമതാ പരീക്ഷയുടേയും അടിസ്ഥാനത്തിലും അഭിമുഖത്തിന് പങ്കെടുക്കാൻ സോപാധികമായി അർഹരാണെന്ന് കണ്ടെത്തിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്കപ്പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകളുടെ സംഖ്യാ ക്രമത്തിലാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം ഉദ്യോഗാർത്ഥികളുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

**പുരുഷന്മാർ**

**List – I**

| | | | | | |
|---|---|---|---|---|---|
| **111967 *** | **112225** | **112299** | **112343** | **113756** | **114040 *** |
| **114125** | **114135** | **114280** | **114352** | **114362** | **114505** |
| **114612** | **114614** | **114619** | **114735** | **114818** | **114950** |
| **115142** | **116067** | **116316** | **116655** | **116682** | **116781 *** |
| **116816** | **116912** | **116968** | **117006** | **117067** | **117180** |
| **117351 *** | | | | | |

**List – II**

| | | | | |
|---|---|---|---|---|
| **114114** | **114841** | **114858 *** | **116337 *** | **116685** |

## സൂചികകൾ

## List – I

**113552**

## List – II

**NIL**

**-------------**

**കുറിപ്പ് – 1** ഈ ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് തീർത്തും സോപാധികമായിട്ടാണ്. അപേക്ഷകളുടേയും, അനുബന്ധ രേഖകളുടേയും സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം മാത്രമാണ് അപേക്ഷകളുടെ അന്തിമ സ്വീകാര്യത തിരുമാനിക്കുക. ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ചവരെ മാത്രമേ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുകയുള്ളൂ.

**കുറിപ്പ് – 2** അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

**കുറിപ്പ് – 3** ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ നടത്തുന്ന തീയ്യതിയും സ്ഥലവും ഉടൻ തന്നെ വ്യക്തിഗത അറിയിപ്പ്/SMS/Profile Message മുഖേന അറിയിക്കുന്നതാണ്. ഇന്റർവ്യൂ മെമ്മോ ഉദ്യോഗാർത്ഥികൾ അവരവരുടെ പ്രൊഫൈലിൽ നിന്ന് ഡൗൺ ലോഡ് ചെയ്തെടുത്ത് ആയതുമായി മെമ്മോയിൽ പറഞ്ഞ തീയ്യതിയിലും സ്ഥലത്തും സമയത്തും ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്.

**കുറിപ്പ് – 4** പുനരളവെടുപ്പിന് അർഹരായ ഉദ്യോഗാർത്ഥികളെ (രജിസ്റ്റർ നമ്പറിന് നേരെ സ്റ്റാർ (*) ചിഹ്നം രേഖപ്പെടുത്തിയിട്ടുള്ളവർ) താല്കാലികമായിട്ടാണ് ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ ഉദ്യോഗാർത്ഥികൾ പുനരളവെടുപ്പിൽ വിജയിച്ചാൽ മാത്രമേ ഇന്റർവ്യൂവിന് പങ്കെടുപ്പിക്കുകയുള്ളൂ. പുനരളവെടുപ്പ് 23.12.2022 തീയ്യതിയിൽ മാനന്തവാടി ഗവ. കോളേജിന് സമീപമുള്ള കമ്യൂണിറ്റി സ്കിൽ പാർക്കിൽ (ASAP) വെച്ച് നടത്തുന്നതാണ്.

**കുറിപ്പ് – 5** ശാരീരിക അളവെടുപ്പ്, കായിക ക്ഷമതാ പരീക്ഷ എന്നിവയിൽ വിജയിച്ചവർ ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. ഇന്റർവ്യൂവിന് പങ്കെടുത്ത് യോഗ്യത നേടുന്നവരെ മാത്രമേ റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തുകയുള്ളൂ.

**കുറിപ്പ് – 6** നിലവിലുള്ള നിയമപ്രകാരം ഉത്തര കടലാസ് പുനർ മൂല്യ നിർണ്ണയം ഈ ഘട്ടത്തിൽ അനുവദിക്കുന്നതല്ല. എന്നാൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷം ഉത്തര കടലാസ് പുനഃ പരിശോധന നടത്താവുന്നതാണ്. വിശദമായ നിർദ്ദേശങ്ങൾ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനോടൊപ്പം നൽകുന്നതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

മഹേഷ്ബാബു. കെ.എസ്
ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, വയനാട്

വിതരണാനുമതി നൽകുന്നു

സെക്ഷൻ ഓഫീസർ